കെൽട്രോണിന്റെ പുനരുദ്ധാരണം

154 (1420) ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോണിന്റെ പുനരുദ്ധാരണത്തിനുവേണ്ടി എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്നും അവയുടെ പ്രവർത്തന പുരോഗതിയെന്താണെന്നും അറിയിക്കാമോ ;

(ബി) കെൽട്രോണിന്റെ ഏതെങ്കിലും ഡിവിഷനുകൾ പ്രവർത്തന രഹിതമായിട്ടുണ്ടോ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കെൽട്രോണിന്റെ സാമ്പത്തിക ബാദ്ധ്യതകൾ ബാങ്കുകളുമായും, ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് ബാങ്കുകൾക്ക് കൊടുത്തു തീർക്കേണ്ട കടബാദ്ധ്യതയായ 140 കോടി രൂപ കൊടുത്തു തീർക്കുക, നിലവിലുള്ള സാങ്കേതിക വിദ്യ നവീകരിക്കുക, നഷ്ടത്തിലുള്ള ഉല്പന്നങ്ങൾ ഒഴിവാക്കി ഉൽപ്പന്ന ശ്രേണി നവീകരിക്കുക, അധികമുള്ള ഉദ്യോഗസ്ഥരെ കുറയ്ക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക എന്നിവയാണ് കെൽട്രോൺ പുനരുദ്ധാരണ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് അവരുടെ ബാദ്ധ്യതയായ 44 കോടി രൂപ ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥ അനുസരിച്ച് 14 കോടി രൂപയായി കുറയ്ക്കുകയും അതിൽ 10 കോടി രൂപ കൊടുത്തു തീർക്കുകയും ചെയ്തു. പിയർലസിനു നൽകേണ്ട ബാദ്ധ്യതയ്ക്കും, ബാങ്കുകളുടെ കടപത്രത്തിൽ മേലുള്ള കെൽട്രോണിന്റെ ബാദ്ധ്യതകളും തവണ വ്യവസ്ഥയിൽ സർക്കാർ ഏറ്റെടുത്തു നടപ്പാക്കിവരുന്നു. പ്രവർത്തന മൂലധനത്തിനുള്ള വായ്പ കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡിൽ നിന്നും സർക്കാർ ലഭ്യമാക്കി വരുന്നു. 623 ഉദ്യോഗസ്ഥർക്ക് വി.ആർ.എസ്. നൽകി.

(ബി) കെൽട്രോണിന്റെ ഒരു യൂണിറ്റും പ്രവർത്തനരഹിതമല്ല.

കെൽട്രോൺ പുനരുദ്ധാരണത്തിന് നടപടി

155 (1421) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോൺ പുനരുദ്ധാരണത്തിനുവേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് ;

(ബി) പ്രസ്തുത നടപടികളുടെ ഭാഗമായി കൊയിലാണ്ടിയിലെ മൂട്ടാടി കെൽട്രോൺ യൂണിറ്റിൽ ഏതെല്ലാം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് ;

(സി) മൂട്ടാടി യൂണിറ്റിന്റെ ഇന്നത്തെ അവസ്ഥ വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly